# കേരള നിയമസഭ
# 14.07.2014–ലെ മറുപടിക്ക്

## പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം
2014 ജൂലൈ 14, തിങ്കൾ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ – 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
| --- |
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി |
| ധനകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |

### പൈതൃക ശേഷിപ്പുകൾ നിലനിർത്താൻ പദ്ധതി

*691 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
,, എൻ. എ. നെല്ലിക്കുന്ന്
,, അബ്ദുറഹിമാൻ രണ്ടത്താണി
,, റ്റി. എ.അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാചീന ജീവിതരീതിയും, തൊഴിൽ സൗകര്യങ്ങളും, സാംസ്കാരിക നിലവാരവും വെളിവാക്കുന്ന പൈതൃക ശേഷിപ്പുകൾ അവയുടെ കൈവശക്കാരുടെ കൂടി സഹകരണത്തിൽ നിലനിർത്തുന്നതിനും പുന:രുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും പുരാവസ്തു വകുപ്പിന് എന്തെങ്കിലും പദ്ധതികളുണ്ടോ;

(ബി) എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകുമോ;

(സി) പൈതൃക ശേഷിപ്പുകൾ വിനോദസഞ്ചാരവകുപ്പിനെ കൂടി സഹകരിപ്പിച്ചുകൊണ്ട് നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ഒരു ബൃഹദ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>വഴിയോരക്കച്ചവടക്കാർക്കുവേണ്ടിയുള്ള നയം</u>

*692 ശ്രീ. പി. ബി. അബ്ദുൾ റസാക്
,, കെ. മുഹമ്മദുണ്ണി ഹാജി
,, എൻ. ഷംസുദ്ദീൻ
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വഴിയോരക്കച്ചവടക്കാർക്കുവേണ്ടിയുള്ള നയം അംഗീകരിച്ചശേഷം അതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുതനയം നടപ്പാക്കുമ്പോൾ നിലവിലെ ഏതൊക്കെ നിയമങ്ങളിലെ ഏതൊക്കെ വ്യവസ്ഥകൾക്കാണ് മാറ്റം വരുത്തേണ്ടി വരിക എന്നതുസംബന്ധിച്ച പരിശോധന നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) പ്രസ്തുത നയത്തിന്റെ അടിസ്ഥാനത്തിൽ നഗരങ്ങളിലെ വഴിയോരക്കച്ചവടക്കാരെ സംബന്ധിച്ച വിശദമായ സർവ്വേ നടത്തിയിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

വിവിധ രാജ്യങ്ങളിലുള്ള മലയാളികളുടെ വിവരശേഖരണം

*693 ശ്രീ. ചിറ്റയം ഗോപകുമാർ
,, സി. ദിവാകരൻ
,, ജി. എസ്. ജയലാൽ
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിവിധ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന മലയാളികളുടെ പൂർണ്ണമായ വിവരശേഖരണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിൽ വിവരശേഖരണം നടത്തുന്നതിനുദ്ദേശിക്കുന്നുണ്ടോ;

(ബി) കൃത്യമായ വിവരങ്ങൾ ഇല്ലാത്തതിനാൽ അത്യാവശ്യ സന്ദർഭങ്ങളിൽ കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

<u>അന്യസംസ്ഥാനങ്ങളിൽ നോർക്ക സാറ്റലൈറ്റ് ഓഫീസുകൾ</u>

*694 ശ്രീ. ഹൈബി ഈഡൻ
,, പാലോടി രവി
,, ബെന്നി ബെഹനാൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നോർക്ക അന്യസംസ്ഥാനങ്ങളിൽ സാറ്റലൈറ്റ് ഓഫീസുകൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രവാസി മലയാളികളെ സഹായിക്കാൻ എന്തെല്ലാം സേവനങ്ങളാണ് ഇവിടെ നടത്തിവരുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം സംസ്ഥാനങ്ങളിലാണ് ഇത് പ്രവർത്തിച്ചുവരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

### കുടുംബകൃഷി പദ്ധതി

*695 ശ്രീ. പി. തിലോത്തമൻ
,, മുല്ലക്കര രത്നാകരൻ
,, വി. ശശി
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജില്ലകൾ തോറും കുടുംബകൃഷി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാമാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ് ഏതാണെന്ന് വ്യക്തമാക്കുമോ; ഇതിൽ കുടുംബങ്ങളുടെ സാമ്പത്തിക പങ്കാളിത്തം എത്രത്തോളമായിരിക്കുമെന്ന് വെളിപ്പെടുത്തുമോ;

(സി) ഇത്തരം കൃഷിക്കാവശ്യമായ വിത്തും വളവും എത്തിച്ചുകൊടുക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>നെൽകൃഷി വികസനം ലക്ഷ്യമിട്ട്<br>നടപ്പാക്കി വന്നിരുന്ന പദ്ധതികൾ</u>

*696 ശ്രീ. കെ.എം ഷാജി
,, എൻ. ഷംസുദ്ദീൻ
,, പി.ബി. അബ്ദുൾ റസാക്
,, കെ.മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി വികസനം ലക്ഷ്യമിട്ട് മുൻകാലത്ത് നടപ്പാക്കി വന്നിരുന്ന വ്യത്യസ്ത പദ്ധതികൾ സംയോജിപ്പിച്ച് ഒരു സമഗ്ര പ്രോജക്ട് നെൽകൃഷി വികസനത്തിനായി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) നെൽകർഷകർ നെൽകൃഷിയിൽ നിന്നും പിൻമാറാൻ ഇടയാക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കി അവരെ പ്രസ്തുത മേഖലയിൽ തുടരാൻ പ്രേരിപ്പിക്കുന്നതിന് എന്തൊക്കെ പുതിയ ഇൻസെന്റീവുകളാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>പഞ്ചായത്തു വകുപ്പിലെ ഫയൽ തീർപ്പാക്കാൽ</u>

*697 ശ്രീ. റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്
,, മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് ഡയറക്റ്ററേറ്റിൽ ഉൾപ്പെടെ കെട്ടികിടക്കുന്ന ഫയലുകൾ തീർപ്പ് കൽപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഗ്രാമപഞ്ചായത്തുകൾ മുതൽ പഞ്ചായത്ത് ഡയറക്റ്ററേറ്റ് വരെ ലഭിക്കുന്ന അപേക്ഷകൾ ഏറ്റവും വേഗം തീർപ്പ് കൽപ്പിക്കുന്നതിന്, ഡയറക്റ്ററേറ്റിലേക്ക് നൽകേണ്ട റിപ്പോർട്ടുകൾ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഡി.ഡി.പി കളിൽ നിന്നും ഓൺലൈൻ സംവിധാനം വഴി നിർബന്ധമാക്കി, ഫയലുകൾ തീർപ്പ് കൽപ്പിക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>ആധുനിക സാങ്കേതികവിദ്യയോടുകൂടിയ ശ്മശാനങ്ങൾ</u>

*698 ശ്രീ. പി. സി. വിഷ്ണുനാഥ്
'' ജോസഫ് വാഴക്കൻ
,, വി. പി. സജീന്ദ്രൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ ആധുനിക സാങ്കേതികവിദ്യയോടുകൂടിയ ശ്മശാനങ്ങൾ ആരംഭിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം ആധുനിക സാങ്കേതികവിദ്യകളാണ് ഇതിന്റെ പ്രവർത്തനത്തിനായി പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

വികസനബ്ലോക്കുകളുടെ പുന:ക്രമീകരണം

*699 ശ്രീ. സി. എഫ്. തോമസ്
'' മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികസനബ്ലോക്കുകൾ പുന:ക്രമീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) അർഹതപ്പെട്ട സ്ഥലങ്ങളിൽ കൂടുതൽ ബ്ലോക്ക് ഓഫീസുകൾ അനുവദിക്കുന്നതിനും അവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും ഊർജ്ജിതമായ പരിപാടികൾ നടപ്പിലാക്കുന്നതിനുമായി എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>കേരള തദ്ദേശസ്വയംഭരണ സേവന പ്രദാന പദ്ധതി</u>

*700 ശ്രീ. ബി. ഡി. ദേവസ്സി
,, എളമരം കരീം
,, കെ. സുരേഷ് കുറുപ്പ്
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള തദ്ദേശസ്വയംഭരണ സേവനപ്രദാന പദ്ധതി (കെ. എൽ. ജി. എസ്. ഡി. പി.) - യുടെ അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) തദ്ദേശ സ്ഥാപനങ്ങളുടെ കാര്യ നിർവ്വഹണ - ഭരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ലഭ്യമാക്കുന്ന സേവനങ്ങൾക്ക് സ്ഥായിയായ നിലനില്പ് ഉറപ്പുവരുത്തുന്നതിനും പദ്ധതി നടത്തിപ്പ് സഹായകരമയോയെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിക്ക് അനുവദിക്കപ്പെട്ട തുക നാമമാത്രമായി മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂടെന്ന കാര്യം അപ്രോപ്രിയേഷൻ അക്കൗണ്ട്സിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത് ഗൗരവ്വപൂർവ്വം പരിശോധിക്കുമോ;

(ഡി) പദ്ധതി പണം ചെലവഴിക്കപ്പെടാത്തതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>മീഡിയ സിറ്റി ആരംഭിക്കുവാൻ നടപടി പദ്ധതി</u>

*701 ശ്രീ. എ.റ്റി. ജോർജ്
,, എം.എ. വാഹീദ്
,, കെ. ശിവദാസൻ നായർ
,, സി.പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മീഡിയ സിറ്റി ആരംഭിക്കുവാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ;വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുമായി ആരെല്ലാമാണ് സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക് യോജന
പ്രകാരമുള്ള നിർമ്മാണപ്രവൃത്തികൾ</u>

*702 ശ്രീ. ബി. സത്യൻ
,, ജെയിംസ് മാത്യു
,, കെ.വി. അബ്ദുൾ ഖാദർ
ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളിലേതുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ ഗ്രാമീണറോഡുകളുടെ വികസനപദ്ധതികൾ പുരോഗമിക്കുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക് യോജനപ്രകാരം സംസ്ഥാനത്ത് ആദ്യഘട്ട നിർമ്മാണപ്രവൃത്തികൾ ഏതുവരെയായി എന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയും എന്നും വ്യക്തമാക്കാമോ;

(സി) പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ അനുമതി ലഭിച്ച റോഡുകളുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) രണ്ടാംഘട്ട നിർമ്മാണത്തിന് ആവശ്യമായ പദ്ധതി റിപ്പോർട്ടുകളും പ്ലാനുകളും കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>ബാലാവകാശ കമ്മീഷൻ പ്രവർത്തനം</u>

*703 ശ്രീ. എ.എ. അസീസ്
'' കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലാവകാശ കമ്മീഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ബാലവേലയിൽ ഏർപ്പെടുന്ന കുട്ടികളെ കണ്ടെത്തുന്നതിന് കമ്മീഷൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>പച്ചക്കറി വിലവർദ്ധനവ്</u>

*704 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എ. കെ. ബാലൻ
ശ്രീ. എം. ഹംസ
,, കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ സംഭവിക്കുന്ന മഴയുടെ കുറവ് കാർഷികരംഗത്തെ എങ്ങനെ ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഏതെല്ലാം വിളകളെയാണ് മഴയുടെ കുറവ് ബാധിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത സാഹചര്യം പരിഗണിച്ച് വരുന്ന ഓണക്കാലത്ത് പച്ചക്കറി ഉൾപ്പെടെയുള്ളവയുടെ വില വർദ്ധിക്കുമെന്ന ആശങ്ക പരിശോധിക്കുമോ?

# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

നഗരങ്ങളിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ

*705 ശ്രീ. ജോസഫ് വാഴക്കൻ
'' കെ. അച്ചുതൻ
'' ബെന്നി ബെഹനാൻ
'' വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ ബൃഹത്തായ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കാനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) എവിടെയൊക്കെയാണ് ഇത്തരം പ്ലാന്റുകൾ സ്ഥാപിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) എല്ലാ നഗരങ്ങളിലും പ്രസ്തുത പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടിയെടുക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>ഹൈടെക് രീതിയിലുള്ള കൃഷി</u>

*706 ശ്രീ. പി. കെ. ഗുരുദാസന്‍
,, എ.എം. ആരിഫ്
,, കെ. വി. അബ്ദുള്‍ ഖാദര്‍
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഹൈടെക് കൃഷി പദ്ധതിയിലൂടെ ഏതെങ്കിലും കാര്‍ഷിക ഉല്പന്നങ്ങളുടെ കാര്യത്തില്‍ പതിന്മടങ്ങ് ഉല്പാദനം ഉണ്ടാക്കുവാന്‍ സാധ്യമായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഹൈടെക് കൃഷി പദ്ധതി നടപ്പാക്കുന്നതില്‍ ശുഷ്കാന്തി കാണിക്കുവാന്‍ തയ്യാറാവുമോ?

**കേരള നിയമസഭ**
**14.07.2014-ലെ മറുപടിക്ക്**

<u>തൊഴിലുറപ്പ് തൊഴിലാളികള്‍ക്ക് ക്ഷേമ പെന്‍ഷന്‍</u>

*707 ശ്രീ. എസ്. രാജേന്ദ്രന്‍
'' കെ. വി. വിജയദാസ്
,, കെ. കുഞ്ഞിരാമന്‍ (ഉദുമ)
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോര്‍ക്കയും** വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) തൊഴിലുറപ്പ് തൊഴിലാളികള്‍ക്ക് ക്ഷേമ പെന്‍ഷന്‍ പദ്ധതി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിരിന്നുവോ;

(ബി) പ്രഖ്യാപിക്കപ്പെട്ട പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കില്‍ പ്രഖ്യാപനം നടപ്പാക്കുന്നതിലേയ്ക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ;

(ഡി) 2014-15-ലെ ബഡ്ജറ്റില്‍ ഇതിനായി പണം വകയിരുത്തിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>പാർട്ട്ണർ കേരള മിഷൻ</u>

*708 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' ബെന്നി ബെഹനാൻ
'' വി. ഡി. സതീശൻ
'' അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാർട്ട്ണർ കേരള മിഷൻ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) സംസ്ഥാനത്ത് നടന്ന പാർട്ട്ണർ കേരള സംഗമത്തിൽ അവതരിപ്പിച്ച പദ്ധതികളുടെ പ്രവർത്തനം ഊർജ്ജിതമാക്കാനും നഗരസഭകൾക്ക് മാർഗ്ഗനിർദ്ദേശം നൽകാനും എന്തെല്ലാം കാര്യങ്ങളാണ് ഇതിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>കാർഷിക വികസന പദ്ധതികൾ</u>

*709 ശ്രീ. സി. മോയിൻകുട്ടി
'' പി. ഉബൈദുള്ള
'' പി.കെ. ബഷീർ
'' കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂവിഭവങ്ങളെ സംബന്ധിച്ച് ഭൂവിനിയോഗ ബോർഡ് ശേഖരിച്ചിട്ടുള്ള വിവരങ്ങൾ, സംസ്ഥാന കൃഷിവകുപ്പ് അതിന്റെ ഏതൊക്കെ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കൃഷിഭവനുകളുടെ പരിധിയിൽ നടപ്പാക്കാവുന്ന കാർഷിക വികസന പദ്ധതികളെക്കുറിച്ച് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ കൃഷിഭവനുകളെ അടിസ്ഥാനമാക്കി യഥാർത്ഥ കർഷകരുടെ വിവരശേഖരണം നടത്തി ഭൂവിഭവങ്ങളുടെ ലഭ്യതയ്ക്കനുസരിച്ച് പൗൾട്രി, മൃഗസംരക്ഷണം, കാർഷിക വികസനം തുടങ്ങിയ പരിപാടികൾ ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു സമഗ്ര വികസന പദ്ധതി തയ്യാറാക്കി നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 14.07.2014-ലെ മറുപടിക്ക്

<u>ഗ്രാമീണ കാർഷിക പ്രവൃത്തി പരിചയ പദ്ധതി</u>

*710 ശ്രീ. എം. എ. ബേബി
'' കോലിയക്കോട് എൻ. കൃഷ്ണൻ നായർ
'' ബാബു എം. പാലിശ്ശേരി
'' രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ കാർഷിക പ്രവൃത്തി പരിചയ പദ്ധതി (റാവെ)യുടെ നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) കേരള കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനം സാധാരണ കർഷകരിൽ എത്തിക്കുന്നതിനു പ്രസ്തുത പദ്ധതിയുടെ നടത്തിപ്പുമൂലം സാധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനു നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

<u>കാര്‍ഷികമേഖലയിലെ മൂല്യവര്‍ദ്ധന പ്രോജക്ടുകള്‍</u>

*711 ശ്രീ. ഇ. പി. ജയരാജന്‍
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ കാര്‍ഷിക മേഖലയില്‍ മൂല്യവര്‍ദ്ധന പ്രോജക്ടുകള്‍ നടപ്പാക്കിത്തുടങ്ങിയോ;

(ബി) എന്തെല്ലാം പ്രവര്‍ത്തനങ്ങളാണ് പ്രസ്തുത പ്രോജക്ടുകളിലൂടെ നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രോജക്ടുകള്‍ സംസ്ഥാനത്തെ കാര്‍ഷിക മേഖലയെ ഏത് രീതിയില്‍ സ്വാധീനിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>സംയോജിത നീർത്തട മാനേജ്മെന്റ് പദ്ധതി</u>

*712 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, വി. ഡി. സതീശൻ
,, ലൂഡി ലൂയിസ്
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പ് നടപ്പാക്കിവരുന്ന സംയോജിത നീർത്തട മാനേജ്മെന്റ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതിയിൻകീഴിൽ എത്ര പ്രോജക്ടുകൾക്കാണ് കേന്ദ്രാനുമതി ലഭിച്ചതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) മണ്ണ് - ജലസംരക്ഷണ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും മണ്ണും ജലവും ജൈവസമ്പത്തും തമ്മിലുള്ള സ്വാഭാവിക ജൈവബന്ധം നിലനിർത്തുന്നതിനും എത്ര കോടി രൂപയ്ക്കുള്ള പ്രവൃത്തികളാണ് ബ്ലോക്ക് പഞ്ചായത്തുകൾ വഴി നടപ്പാക്കിയതെന്ന് വിശദമാക്കുമോ;

(ഡി) ഇവ നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

അഗ്രോ സർവ്വീസ് സെന്ററുകൾ വഴി യന്ത്രസാമഗ്രികൾ

*713 ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
,, എം. വി. ശ്രേയാംസ് കുമാർ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഗ്രോ സർവ്വീസ് സെന്ററുകൾ വഴി കർഷകർക്ക് കാർഷികവൃത്തി കൂടുതൽ എളുപ്പമുള്ളതാക്കാൻ സഹായിക്കുന്ന യന്ത്രസാമഗ്രികൾ നൽകുന്നതിന് പദ്ധതിയുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഇടുക്കി പോലുള്ള ഹൈറേഞ്ച് മേഖലയിൽ പ്രവർത്തിക്കുന്ന അഗ്രോ സർവ്വീസ് സെന്ററുകൾ വഴി അവിടത്തെ ഭൂപ്രകൃതിക്കും കാർഷിക രീതിയ്ക്കും അനുയോജ്യമായ യന്ത്രസാമഗ്രികൾ പ്രത്യേകിച്ച് 'ജോണ്ടിയർ' ഉൾപ്പെടെയുള്ള യന്ത്രസാമഗ്രികൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

റബർ കർഷകർ നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾ

*714 ശ്രീ. ജോസ് തെറ്റയിൽ
'' സി. കെ. നാണു
ശ്രീമതി. ജമീലാ പ്രകാശം
ശ്രീ. മാത്യു. റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റബ്ബർ കർഷകർ നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾ സംസ്ഥാന സർക്കാർ പഠന വിധേയമാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഇറക്കുമതി ചുങ്കം കുറച്ചും അവധി വ്യാപാരം നടത്തിയും റബ്ബറിന് വിലയിടിവ് സൃഷ്ടിച്ചതിനെതിരെ സർക്കാർ തലത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) അങ്ങാടി വിലയിൽ നിന്ന് എത്ര രൂപ കൂട്ടിയാണ് റബ്ബർ സംഭരിക്കുന്നത്;

(ഇ) സംസ്ഥാന സർക്കാർ നടത്തിയ റബ്ബർ സംഭരണം പ്രസ്തുത മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ പര്യാപ്തമായിട്ടുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

<u>സ്റ്റേറ്റ് ഇൻഫർമേഷൻ ഹബ്</u>

*715 ശ്രീ. റ്റി. എൻ പ്രതാപൻ
,, വർക്കല കഹാർ
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഇൻഫർമേഷൻ ഹബ് ആരംഭിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ആരെല്ലാമാണ്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

മൃഗസംരക്ഷണത്തിന് ഇന്റഗ്രേറ്റഡ് പൈലറ്റ് പ്രോജക്ട്

*716 ശ്രീ. ലൂഡി ലൂയിസ്
,, സണ്ണി ജോസഫ്
,, എം.എ. വാഹീദ്
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും**
**സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൃഗസംരക്ഷണ ഉപാധികൾ ലഭ്യമാക്കുന്ന ഇന്റഗ്രേറ്റഡ് പൈലറ്റ് പ്രോജക്ട് നടപ്പാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(സി) എവിടെയൊക്കെയാണ് ഇത് നടപ്പാക്കി വരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ഇതിന് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുത്തവരുടെ കൂലി കുടിശ്ശിക</u>

*717 ശ്രീ. രാജു എബ്രഹാം
,, കെ. രാധാകൃഷ്ണൻ
,, പുരുഷൻ കടലുണ്ടി
,, പി.റ്റി.എ റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുത്തവർക്ക് നൽകേണ്ടുന്ന കൂലി കുടിശ്ശിക വിതരണം ചെയ്യുന്നതിനായി വക മാറ്റിയ തുക പഞ്ചായത്തുകൾക്ക് തിരികെ നൽകുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും ഉറപ്പ് പഞ്ചായത്തുകൾക്ക് നൽകിയിരുന്നുവോ;

(ബി) ഇപ്രകാരം വകമാറ്റപ്പെട്ട തുക എന്നത്തേക്ക് തിരികെ പഞ്ചായത്തുകൾക്ക് നൽകുമെന്നാണ് അറിയിച്ചിരുന്നത് ;

(സി) വകമാറ്റിയ തുക പൂർണ്ണമായും തിരികെ നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

വിള ആരോഗ്യ പരിപാലനം

*718 ശ്രീ. എം. ഉമ്മർ
,, സി. മമ്മൂട്ടി
,, റ്റി. എ. അഹമ്മദ് കബീർ
,, എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിള ആരോഗ്യ പരിപാലനമെന്ന സമീപനത്തിന്റെ ലക്ഷ്യമെന്താണെന്ന് വിശദമാക്കുമോ;

(ബി) ഇത്തരമൊരു സമീപനത്തിലേയ്ക്ക് നയിച്ച സാഹചര്യങ്ങളും കാരണങ്ങളും വ്യക്തമാക്കുമോ;

(സി) കീട, രോഗനിയന്ത്രണത്തിൽ രാസപദാർത്ഥങ്ങളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കുക എന്നത് പുതിയ സമീപനത്തിന്റെ ലക്ഷ്യമായി അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

പാഠപുസ്തകങ്ങൾ അച്ചടിക്കാനുപയോഗിച്ച
കടലാസിന്റെ ഗുണ നിലവാരം

*719 ശ്രീ. കെ. രാജു
'' സി. ദിവാകരൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ വിതരണം ചെയ്യാൻ സർക്കാർ പ്രസ്സിൽ അച്ചടിച്ച പാഠപുസ്തകങ്ങൾക്ക് ഗുണനിലവാരമില്ലെന്ന പരാതിയുണ്ടായിട്ടുണ്ടോയെന്നും ഇതു സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ അന്വേഷണ വിവരം എന്താണെന്നും വെളിപ്പെടുത്തുമോ;

(ബി) ഗുണ നിലവാരമുള്ള 80 ജി.എസ്. എം പേപ്പർ ഉപയോഗിക്കുന്നതിനു പകരം 70 ജി. എസ്. എം പേപ്പറാണ് ഉപയോഗിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഗുണ നിലവാരം കുറഞ്ഞ പേപ്പറിൽ പാഠപുസ്തകങ്ങൾ അച്ചടിക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വിവരിക്കുമോ?

# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

<u>വിത്തു മുതൽ വിപണി വരെ എന്ന സമഗ്ര വികസന പദ്ധതി</u>

*720 ശ്രീ. വി. പി. സജീന്ദ്രൻ
'' റ്റി. എൻ പ്രതാപൻ
,, ആർ. സെൽവരാജ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിത്ത് മുതൽ വിപണിവരെ എന്ന ഒരു സമഗ്ര വികസന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) എവിടെയൊക്കെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കിവരുന്നത്; വിശദമാക്കുമോ;

(ഡി) വിത്തുമുതൽ വിപണിവരെ എന്ന സമഗ്ര വികസന പദ്ധതി വ്യാപകമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം, 2014 ജൂലൈ 5.

പി. ഡി. ശാരംഗധരൻ, സെക്രട്ടറി.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്. [ചട്ടം 47(1)]